പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.984** **09.08.2017 ൽ മറുപടിയ്ക്ക്**

**ദേശീയപാതയോരത്തെ മദ്യശാലകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | ദേശീയപാതയോരത്തെ മദ്യശാലകളുടെ നിരോധനത്തിൽ നിന്നും കള്ളുഷാപ്പുകളെ ഒഴിവാക്കാൻ ഏതെങ്കിലും സംഘടനകൾ/ അസോസിയേഷൻ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ദേശീയ പാതയോരത്തെ മദ്യശാലകളുടെ നിരോധനത്തിൽ നിന്നും കള്ള്ഷാപ്പുകളെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള സംസ്ഥാന കള്ള് ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ (സി.ഐ.റ്റി.യു), ദേശീയ കള്ള് ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ, കള്ള്ഷാപ്പ് ലൈസൻസീ അസോസിയേഷൻ തുടങ്ങിയ സംഘടനകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള അബ്കാരി നിയമം അനുസരിച്ച് മദ്യശാലകളുടെ പരിധിയിൽ കള്ള്ഷാപ്പുകൾ വരുന്നത് കാരണം ടി അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | കേരളത്തിൽ ദേശീയപാതയോരത്ത് എത്ര കള്ളുഷാപ്പുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ബഹു.സുപ്രീംകോടതി വിധിയെത്തുടർന്ന് സംസ്ഥാനത്തുള്ള ദേശീയ പാതകളുടെ 500 മീറ്റർ പരിധിയ്ക്കുള്ളിൽ നിലവിൽ കള്ള്ഷാപ്പുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. |
| (സി) | ഇതിനെ സംബന്ധിച്ച് എന്തെങ്കിലും കേസ് കോടതിയിൽ നിലവിൽ ഉണ്ടോ; എങ്കിൽ ഈ കേസിന്റെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്. കേരള സംസ്ഥാന കള്ള് ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 7588/2017 നമ്പർ കേസ് ബഹു.കോടതിയുടെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**